ഉത്തരം

(എ) ഉണ്ടാകാറുണ്ട്. പ്രതിദിന ഉൽപ്പാദന വർദ്ധനവ് ഉണ്ടായാൽ ശമ്പളം കാലതാമസം കൂടാതെ വിതരണംചെയ്യാൻ സാധിക്കും. പ്രതിദിന ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതു സംബന്ധിച്ച അപേക്ഷയൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ കുടിശ്ശിക നൽകുന്നതാണ്.

സിഡ്കൽ ടെലിവിഷൻ കമ്പനി

157 (1423) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിലെ സിഡ്കൽ ടെലിവിഷൻ കമ്പനി കെൽട്രോണിൽ ലയിപ്പിക്കാൻ തീരുമാനമുണ്ടായിരുന്നോ ;

(ബി) ഈ തീരുമാനം നടപ്പിൽ വരുത്താൻ കാലതാമസം എന്താണ് ;

(സി) ലയനം ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

കാഷ്യൂ കോർപ്പറേഷന്റെ പ്രവർത്തനം

158 (1424) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷം കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ എത്ര ദിവസം ജോലിനൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ ഫാക്ടറികളുടെ പ്രവർത്തനം ലാഭകരമായിരുന്നോ ; ആണെങ്കിൽ ലാഭം എത്ര ; നഷ്ടം എത്ര ;

(സി) ഈ കാലയളവിൽ ഫാക്ടറി പ്രവർത്തനത്തിനു വേണ്ടി സംസ്ഥാനത്തുനിന്നു എത്ര കശുവണ്ടി സംഭരിച്ചുവെന്നും ശരാശരി എന്തു വിലയ്ക്കാണ് സംഭരിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ വിദേശത്തുനിന്നും എത്ര കശുവണ്ടി ഇറക്കുമതി ചെയ്തുവെന്നും ഏതെല്ലാം രാജ്യങ്ങളിൽനിന്നും എന്ത് വിലയ്ക്കാണ് ഇറക്കുമതി ചെയ്തതെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly